പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1314 — 03.12.15 ൽ - മറുപടിക്ക്

## പുതിയ റേഷൻകാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | റേഷൻകാർഡുകളിലെ തെറ്റ് തിരുത്തൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | റേഷൻ കാർഡുകളിൽ തെറ്റു വന്നിട്ടില്ല. സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ മൂന്നാം ഘട്ടത്തിലാണ്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിൽ എന്തെങ്കിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് കാർഡുടമകൾ തിരുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡേറ്റാ കൃത്യമാക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുവരുന്നത്. |
| (ബി) | മാസങ്ങൾ കഴിഞ്ഞിട്ടും പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ വൈകുന്നതിനുളള കാരണങ്ങൾ വിശദീകരിക്കുമോ; | (ബി) | കാർഡുടമകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി കരട് പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് സോഷ്യൽ ഓഡിറ്റിംഗിലൂടെ പരിഹരിച്ച് അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം പുതിയ റേഷൻകാർഡ് നൽകുവാൻ സാധിക്കുകയുളളൂ. നിലവിലുളള കാർഡുകൾ വഴി എല്ലാ ആനുകൂല്യങ്ങളും കാർഡുടമകൾക്ക് ലഭിക്കുന്നുണ്ട്. 6 മാസത്തേക്ക് **temporary card** നൽകുന്നുമുണ്ട്. അതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നില്ല. |
| (സി) | റേഷൻകാർഡുകളിലെ തെറ്റുകൾ തിരുത്തി പുതിയ കാർഡ് എന്നുമുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ? | (സി) | മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31.03.2016-ന് അകം വിതരണം ചെയ്യുന്നതാണ്. |

Thulasi

*സെക്ഷൻ ഓഫീസർ*